മി.സ്പീക്കർ: ഓർഡർ......ഓർഡർ......ചോദ്യം നം. *391

## സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം

(*391) ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ വസ്തുക്കളുടെ വില കുത്തനെ ഉയർന്നിട്ടും സ്കൂളുകളിലെ ഉച്ചഭക്ഷണത്തിനുള്ള തുക വർദ്ധിപ്പിക്കാത്തത് ഉച്ചഭക്ഷണ വിതരണത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉച്ചഭക്ഷണത്തിനായി ഒരു കുട്ടിക്ക് പ്രതിദിനം എത്ര രൂപ വരെയാണ് അനുവദിച്ചത്; ഈ തുക എത്രയായി വർദ്ധിപ്പിക്കുന്നതിനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം കുടുംബശ്രീ പോലുള്ള ഏജൻസികളെ ഏൽപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ,

(എ) പ്രതിസന്ധി നേരിടുന്നില്ല, എങ്കിലും തുക വർദ്ധിപ്പിക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ബി) നിശ്ചിത അളവിൽ അരി അനുവദിക്കുന്നതിന് പുറമെ പച്ചക്കറി, പലവ്യഞ്ജനം, പയർ, എണ്ണ, വിറക്, മുട്ട, പാൽ തുടങ്ങിയവ നൽകുന്നതിന് കണ്ടിജന്റ് ഇനത്തിൽ പ്രീ-പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് കുട്ടിയൊന്നിന് താഴെപ്പറയും പ്രകാരം കണ്ടിജന്റ് ചാർജ്ജ് അനുവദിച്ചുനൽകുന്നു.

(1) 150 കുട്ടികൾവരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 5/- രൂപ, 200/- രൂപ പാചകക്കൂലിയും.

(2) 151 മുതൽ 500 വരെയുള്ള കുട്ടികളുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടിയൊന്നിന് 6/- രൂപ (പാചക കൂലി ഉൾപ്പെടെ)

(3) 501-ന് മുകളിൽ കുട്ടികൾ വരുന്ന സ്കൂളുകളിൽ 500 കുട്ടികൾ വരെ 6/- രൂപയും 500-നു മുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5/- രൂപ വീതവും (പാചക കൂലി ഉൾപ്പെടെ)

തുക 7/- രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഈ വിഷയം കുടുംബശ്രീയുമായി ചർച്ച ചെയ്തിട്ടുണ്ട്. കുടുംബശ്രീയുടെ പ്രൊജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഉച്ചഭക്ഷണ വിതരണത്തിനുള്ള തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ് എന്നാണ് ബഹുമാനപ്പെട്ട

മന്ത്രിയുടെ മറുപടിയിൽ പറഞ്ഞത്. ഇക്കാര്യം പരിശോധിച്ചാൽ പോര, നിർബന്ധമായും ഉച്ചഭക്ഷണ വിതരണത്തിനുള്ള തുക വർദ്ധിപ്പിക്കണം. ഇപ്പോൾ 150 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ ഒരു കുട്ടിക്ക് 6 രൂപ നിരക്കിലാണ് കൊടുക്കുന്നത്. ആഴ്ചയിൽ രണ്ടുതവണ 300 മില്ലിലിറ്റർ പാൽ, ഒരു തവണ കോഴിമുട്ട എന്നിവ ഈ ആറ് രൂപയിൽ നിന്ന് കൊടുക്കണം. ഒരു ലിറ്റർ പാലിന്റെ വില 30/- രൂപയും ഒരു കോഴിമുട്ടയുടെ വില 5/- രൂപയുമാണ്. ബാക്കിയുള്ള ഒരു രൂപ നാൽപ്പത്തിരണ്ട് പൈസയ്ക്ക് പാചകക്കൂലി, വിറക്, ഗ്യാസ്, പച്ചക്കറി എന്നിവ വാങ്ങണം. ഒരിക്കലും ഇത്രയും തുകകൊണ്ട് ഒരു കുട്ടിക്ക് ഉച്ചഭക്ഷണം കൊടുക്കുവാൻ സാധ്യമല്ല. മാത്രമല്ല 2011-2012 കാലയളവിൽ പ്രീപ്രൈമറി കുട്ടികൾക്ക് നൽകിയിരുന്ന ഉച്ചകഞ്ഞി വിതരണം നിർത്തിവച്ചിരിക്കുന്നു. മുട്ടയും പാലും ആവശ്യമുള്ള കുട്ടികൾ പ്രീപ്രൈമറി കുട്ടികളാണ്. ഈ ഗവൺമെന്റ് അവർക്കുള്ള ഉച്ചഭക്ഷണ വിതരണം പിൻവലിച്ചിരിക്കുകയാണ്. ഉച്ചഭക്ഷണ വിതരണത്തിന് നൽകുന്ന 6/- രൂപ എന്നത് മിനിമം 10/-രൂപയായി വർദ്ധിപ്പിക്കണം. 2011-12 മുതലുള്ള പ്രീപ്രൈമറി കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കാതിരിക്കുകയും 1-7 വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുകയും ചെയ്യുന്ന അന്യായം

അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ പാചക കൂലി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അഞ്ചുരൂപ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഡി.പി.ഐ. തലത്തിൽ ചർച്ച നടത്തുകയും അതിനുശേഷം സീമാറ്റ് ഡയറക്ടറെ ഇതിന്റെ വിവിധ വശങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻവേണ്ടി ചുമതലപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 7/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം വന്നത്. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. 2012-ന് ശേഷം വന്നിട്ടുള്ള പ്രീപ്രൈമറി സ്കൂളുകളിലെ കുട്ടികൾക്കാണ് ഉച്ചഭക്ഷണം കൊടുക്കണ്ടായെന്ന് പറഞ്ഞിട്ടുള്ളത്. അതിനുമുൻപുള്ള ഗവൺമെന്റ് സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും പ്രീപ്രൈമറി കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നുണ്ട്. പ്രീപ്രൈമറി ടീച്ചേഴ്സിന് 5,000/- രൂപയും ആയമാർക്ക് 3,500/- രൂപയും ശമ്പളം നൽകണമെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുതിയതായി പ്രീപ്രൈമറി സ്കൂളുകൾ തുടങ്ങുന്നത് ഗവൺമെന്റിന്റെ അറിവോടെയായിരിക്കണമെന്നും അങ്ങനെയല്ലാതെ തുടങ്ങാൻ പാടില്ലെന്നും നിർദ്ദേശിച്ചിരുന്നു. അതിനുശേഷം ഒരു പ്രീപ്രൈമറി സ്കൂളുപോലും തുടങ്ങാൻ അനുമതി കൊടുത്തിരുന്നില്ല. അനുമതി

കൊടുക്കാത്തതിനാലാണ് ആ സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകാതിരിക്കുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ പറയുന്നത് ശരിയല്ല. 2011-12 കാലയളവിൽ അങ്ങുതന്നെയാണ് ഇവിടുത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി. അങ്ങയുടെ അറിവില്ലാതെ പ്രീപ്രൈമറി ക്ലാസ് തുടങ്ങാൻ കഴിയുമോ? പ്രീപ്രൈമറി ക്ലാസുകൾ വേണ്ടെന്നുവച്ച് സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടുവാനാണോ അങ്ങ് ഉദ്ദേശിക്കുന്നത്. സർക്കാരിന്റെ സാമ്പത്തികബാധ്യത പറഞ്ഞുകൊണ്ട് പാവപ്പെട്ട കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കാതിരിക്കുന്നത് ശരിയാണോ? മറ്റാർക്കും കൊടുത്തില്ലെങ്കിലും കുട്ടികൾക്ക് കൊടുക്കണം. അതിന് അങ്ങ് പറയുന്ന മറുപടി ശരിയല്ല. പ്രീപ്രൈമറി ക്ലാസിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകാതെ പിന്നെയാർക്കാണ് ഉച്ചഭക്ഷണം നൽകുന്നത്? മറ്റൊരുകാര്യം, പാചക തൊഴിലാളികൾക്ക് 2013-14-ൽ 50/- രൂപ വർദ്ധിപ്പിച്ചു, 2014-15-ൽ 100/- രൂപയും വർദ്ധിപ്പിച്ചു. എന്നാൽ ഇതുവരെ arrears കൊടുത്തിട്ടില്ല. തുച്ഛമായ വരുമാനമുള്ള ഈ ആളുകൾക്ക് എന്താണ് arrears കൊടുക്കാതിരിക്കുന്നത്? 2011-12-ന് ശേഷമുള്ള പ്രീപ്രൈമറി കുട്ടികൾക്കും ഉച്ചഭക്ഷണം കൊടുക്കുന്നതിനുള്ള തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ്

എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, ഞാൻ പറഞ്ഞത് വളരെ വ്യക്തമാണ്. 2012-ലെ കോടതിവിധി വന്നതിനുശേഷം പുതിയ പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കുന്നത് സർക്കാരിന്റെ അനുമതിയോടുകൂടിയായിരിക്കണമെന്നാണ് പറഞ്ഞത്. അതിനുശേഷം പ്രീപ്രൈമറി സ്കൂൾ തുടങ്ങുന്നതിന് ഒരു ഗവൺമെന്റ് സ്കൂളും മാനേജ്മെന്റ് സ്കൂളും ഗവൺമെന്റിലേയ്ക്ക് അപേക്ഷ തന്നിട്ടില്ല. അതിനാലാണ് അവിടെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചത്. 2/7/2015-ലെ സർക്കാർ ഉത്തരവ് പ്രകാരം പാചകത്തൊഴിലാളിയുടെ ദിവസ വേതനം 1/4/2013 മുതൽ നിലവിലുള്ള മിനിമം വേതനമായ 200 രൂപയിൽ നിന്ന് 250 രൂപയായും പരമാവധി വേതനം 250 രൂപയിൽ നിന്ന് 300 രൂപയായും 1/4/2014 മുതൽ മിനിമം വേതനം 250 രൂപയിൽ നിന്ന് 350 രൂപയായും പരമാവധി വേതനം 350 രൂപയിൽ നിന്ന് 450 രൂപയായും വർദ്ധിപ്പിച്ച് മുൻകാല പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവിൽ വന്ന പിശകുകാരണം 400/- രൂപ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് മുൻകാല പ്രാബല്യത്തോടെ തന്നെ കൊടുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ആദ്യത്തെ ഭാഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയിരിക്കുന്ന മറുപടി പ്രതിസന്ധി നേരിടുന്നില്ലെന്നാണ്. പ്രതിസന്ധി നേരിടുന്നത് സർക്കാരോ മന്ത്രിയോ അല്ല. ഉച്ചകഞ്ഞി വിതരണം ചെയ്യുന്ന സ്കൂളുകളിലെ പ്രധാനഅദ്ധ്യാപകരുൾപ്പെടെ അതിന് ചുമതലപ്പെടുത്തിയിട്ടുള്ള അദ്ധ്യാപകരാണ്. വില വർദ്ധനവിന്റെ തോത് കണക്കിലെടുത്ത് കാലാകാലങ്ങളിൽ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതല്ലേ. അതുകൊണ്ട് പ്രീപ്രൈമറി കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതിനും വിലവർദ്ധനവിനനുസരിച്ച് ഉച്ചഭക്ഷണത്തിന്റെ നിരക്ക് വർദ്ധിപ്പിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, അതാണ് ഞാൻ നേരത്തെ തന്നെ പറഞ്ഞത് ഉച്ചഭക്ഷണത്തിനുള്ള തുക 5/- രൂപയായിരുന്നത് 7/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. അത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്, ഉടനെതന്നെ അതുചെയ്യുന്നതാണ്. എല്ലാ സ്കൂളുകളിലും പി.റ്റി.എ.യാണ് ഉച്ചഭക്ഷണ കാര്യത്തിലും അതുപോലുള്ള മറ്റുകാര്യങ്ങളിലും ഇടപെടുന്നത്. പി.റ്റി.എ.യുടെ സഹകരണത്തോടെ നല്ല രീതിയിൽ ഉച്ചഭക്ഷണ വിതരണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. പി.റ്റി.എ.യും സ്പോൺസർ ചെയ്യുന്ന

ആളുകളും ഇതിനുവേണ്ടി ധാരാളം സഹായം ചെയ്യുന്നുണ്ട്. പല സ്കൂളുകളിലും പ്രാതൽ കൊടുക്കുന്നുണ്ട്. കൂടാതെ കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ പച്ചക്കറിത്തോട്ടം തുടങ്ങിയിട്ടുണ്ട്. അവിടെ നിന്നുലഭിക്കുന്ന പച്ചക്കറികൾ ഉച്ചഭക്ഷണത്തിൽ വിഭവമായി നൽകുന്നുണ്ട്. അതുകൊണ്ട് പ്രതിസന്ധിയില്ലായെന്നാണ് ഞാൻ ഉത്തരത്തിൽ പറഞ്ഞത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, പ്രീപ്രൈമറി സ്കൂളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നകാര്യത്തിൽ ഗവൺമെന്റ് എടുത്ത തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. ഏറ്റവും പ്രധാനപ്പെട്ട വിഷയമാണത്. ബഹുമാനപ്പെട്ട മന്ത്രി പ്രതിസന്ധി നേരിടുന്നില്ലെന്ന് പറയുകയും വിശദീകരണങ്ങളുമായി ബന്ധപ്പെട്ട് മാത്രം ചോദ്യങ്ങളെ നേരിടുകയുമാണ്. ഈ രംഗത്തെ പ്രശ്നങ്ങളും പ്രതിസന്ധികളും പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. പോഷകാഹാരക്കുറവ് പരിഹരിക്കാൻ വേണ്ടിയാണ് പദ്ധതി നടപ്പാക്കിയതെങ്കിലും പരിമിതമായ വിഭവങ്ങൾ കാരണം പ്രതിസന്ധി നേരിടുന്നു. ഉച്ചഭക്ഷണ വിതരണത്തിന് നൽകുന്ന അരി ഏഴ് വെള്ളത്തിൽ കഴുകിയാലേ ഉപയോഗിക്കാൻ കഴിയുകയുള്ളുവെന്ന് പറയേണ്ട അവസ്ഥയാണ്. അതുപോലെതന്നെ പച്ചക്കറി, അന്നേ ദിവസം മാർക്കറ്റിൽ ഏത് പച്ചക്കറി

ഇനത്തിനാണ് വിലക്കുറവ് എന്നറിയണമെങ്കിൽ സ്കൂളിൽ ഉച്ചഭക്ഷണത്തിന് ഉൾപ്പെടുത്തിയിരിക്കുന്ന പച്ചക്കറി ഏതാണെന്ന് അന്വേഷിച്ചാൽ മതി. അത്തരത്തിലാണ് ഉച്ചഭക്ഷണ വിതരണം. അതിനാവശ്യമായ ഫണ്ട് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ചോദ്യങ്ങളെ പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങളായി ഗവൺമെന്റ് കാണുകയും ക്രിയാത്മകമായി ഇടപെടുകയുമാണ് ചെയ്യേണ്ടത്. അതുപോലെ പ്രാകൃതമായ രീതിയിലാണ് കുട്ടികൾ ഭക്ഷണം കഴിക്കുന്നത്. ഡൈനിംഗ് ഹാളിന്റെ അപര്യാപ്തതയുണ്ട്. അത്തരം കാര്യങ്ങളിൽ അടിയന്തരമായി ഇടപെടുകയും പരിഹാരം കാണുവാനുള്ള തീരുമാനമെടുക്കുകയും ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, 01.08.2012-ന് മുമ്പ് അരി, പയർ, പാൽ എന്നിവ വിതരണം ചെയ്യുകയും മറ്റ് ചിലവുകൾക്കായി 100 കുട്ടികൾക്ക് വരെ കുട്ടി ഒന്നിന് ദിനംപ്രതി ഒരു രൂപയും, 100 കുട്ടികൾക്ക് മുകളിൽ കുട്ടി ഒന്നിന് 55 പൈസയും, പാചകത്തൊഴിലാളികളുടെ വേതനമായി 100 കുട്ടികൾ വരെ കുട്ടി ഒന്നിന് ഒരു രൂപയും (മിനിമം 100 രൂപ), 100 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് 25 പൈസയും (പരമാവധി 150 രൂപ) നൽകുന്ന രീതിയായിരുന്നു

നിലവിലുണ്ടായിരുന്നത്. 01.08.2012-ന് ശേഷം നിശ്ചിത അളവിൽ അരി നൽകുന്നതിന് പുറമെ മറ്റ് ചെലവുകൾക്കായി 150 കുട്ടികൾ വരെ കുട്ടി ഒന്നിന് 5 രൂപയും 200 രൂപ പാചകക്കൂലിയായും, 151-നും 500-നും ഇടയിൽ കുട്ടി ഒന്നിന് 6 രൂപയും (പാചകക്കൂലി ഉൾപ്പെടെ), 501-ന് മുകളിൽ കുട്ടികൾ വരുന്ന സ്കൂളുകളിൽ 500 വരെ 6 രൂപയും 500-ന് മുകളിൽ ഓരോ കുട്ടിക്കും 5 രൂപ വീതവും (പാചകക്കൂലി ഉൾപ്പെടെ) അനുവദിച്ചിരുന്നു. നേരത്തേ അനുവദിച്ചത് രണ്ടും കൂടി താരതമ്യം ചെയ്യുമ്പോൾ സ്വാഭാവികമായും കാലാനുസൃതമായ വർദ്ധനവാണ് ഉള്ളത്. പക്ഷേ ഇന്നത്തെ മുഴുവൻ വർദ്ധനവിനനുസരിച്ചുള്ള വർദ്ധനവായിട്ടില്ലായെന്നത് ശരിയാണ്. അതുകൊണ്ടാണ് 7 രൂപയാക്കാൻ തീരുമാനിച്ചത്.

<u>ശ്രീ. പാലോട് രവി</u>: സർ, 2012-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം കൊടുക്കാത്ത പ്രീ-പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്കുള്ള ഭക്ഷണം നിർത്തലാക്കിയതെന്ന് പറയുന്നു. അതിന്റെ കണക്ക് എടുത്തിട്ടുണ്ടോ? ഇതെല്ലാം ഗവൺമെന്റ് സ്കൂളുകളിലാണ് തുടങ്ങിയിരിക്കുന്നത്. 2012-ൽ ഈ കോടതി വിധി വന്നതിനുശേഷം എത്ര കുട്ടികളാണ് ആഹാരമില്ലാതെ ഗവൺമെന്റ് സ്കൂളുകളിൽ പഠിക്കുന്നത്; ആ കുട്ടികളുടെ ഉച്ചഭക്ഷണത്തിന്റെ

കാര്യത്തിൽ ഗവൺമെന്റ് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, നേരത്തേയുള്ള ചോദ്യത്തിന് മറുപടിയായി ഞാൻ പറഞ്ഞു, ഹൈക്കോടതി വിധി വന്നതിനുശേഷം ഗവൺമെന്റിന്റെ അനുമതിയോടുകൂടിയേ പ്രീ-പ്രൈമറി സ്കൂളുകൾ തുടങ്ങാൻ പാടുള്ളൂ എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സ്കൂളിലാകട്ടെ, എയ്ഡഡ് സ്കൂളിലാകട്ടെ പ്രീ പ്രൈമറി തുടങ്ങുന്നുണ്ട്, അല്ലെങ്കിൽ തുടങ്ങിയിട്ടുണ്ട്, ഇത്ര കുട്ടികളുണ്ട് എന്നുള്ള വിവരം ഗവൺമെന്റിനെ അറിയിച്ചിട്ടില്ല.

ശ്രീ. ഇ. കെ. വിജയൻ: സർ, വിദ്യാലയങ്ങളിലെ കായികക്ഷമതാ പരിശോധനയിൽ പൂർണ്ണ ആരോഗ്യവാന്മാരായ കുട്ടികളുള്ളത് 20 ശതമാനത്തിൽ താഴെയാണ്. അനാരോഗ്യമുള്ള ഒരു തലമുറയാണ് വളരുന്നത് എന്നതാണ് ഈ പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്. ആശങ്ക ഉളവാക്കുന്ന തരത്തിലായിരിക്കും നമ്മുടെ തലമുറ കേരളക്കരയിൽ വളർന്ന് വരുന്നത് എന്ന് തെളിയിക്കുന്ന പഠനമാണ് ഇപ്പോൾ ഇവിടെ ഉണ്ടായിരിക്കുന്നത്. അതിനൊരു പരിഹാരമെന്ന് പറയുന്നത് സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷണമാണ്. പോഷകാഹാരം അവരിലേയ്ക്കെത്തിക്കുക എന്നതായിരിക്കണം അതിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്യാൻ

ഒരു സംവിധാനം ഒരുക്കുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പാലും മുട്ടയും ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് നേരത്തേയുള്ള സ്കീമാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കേരളത്തിലാകെ നാലായിരത്തോളം പ്രീപ്രൈമറി ടീച്ചർമാരും ആയമാരുമുണ്ട്. അവർക്ക് പാരന്റ് ടീച്ചേഴ്സ് അസോസിയേഷൻകാർ കുട്ടികളിൽ നിന്നും പിരിച്ച് 500 മുതൽ 750-1000 രൂപവരെയാണ് ശമ്പളം കൊടുത്തുകൊണ്ടിരുന്നത്. നമ്മുടെ സമൂഹത്തിൽ സാമൂഹ്യപരമായും സാമ്പത്തികപരമായും നിഷേധിക്കപ്പെട്ട, വളരെ പാവപ്പെട്ടവരാണ് ഗവൺമെന്റ് സ്കൂളിൽ പഠിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെട്ടശേഷം 5000 രൂപ ഇവർക്ക് കൊടുക്കുന്നതിനായി തീരുമാനിച്ചു. ഇപ്പോൾ പേ-കമ്മീഷനിൽ ഇവർക്ക് 9000 രൂപ ശമ്പളമായി നിർദ്ദേശിച്ചിട്ടുണ്ട്. പാവപ്പെട്ടവർക്കുവേണ്ടി ഗവൺമെന്റ് മേഖലയിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനം വർദ്ധിപ്പിക്കണം. പാഠപുസ്തകമേ ഇല്ല കഞ്ഞിയെങ്കിലും കൊടുക്കണം. കുട്ടികൾ പഠിക്കട്ടെ. മുമ്പ് എനിക്കൊരവസരം കിട്ടിയപ്പോൾ തിരുവനന്തപുരം സിറ്റിയിലെ മുഴുവൻ സ്കൂളുകളിലേയും പാവപ്പെട്ട കുട്ടികൾക്ക് സൗജന്യമായി പാലും മുട്ടയും വിതരണം ചെയ്തിട്ടുണ്ട്. ഇന്നിപ്പോൾ

ഉച്ചഭക്ഷണത്തിന് 7 രൂപയാണ് കൊടുക്കുന്നത്. ആ പൈസ കൊണ്ട് ഒരു ചായ കുടിക്കാൻ സാധിക്കുമോ? ഇന്ന് ഏഴ് രൂപയ്ക്ക് ഒരു ചായ കിട്ടില്ല. പാവപ്പെട്ട കുട്ടികൾക്ക് ഒരു ദിവസത്തേയ്ക്ക് 25 രൂപ വീതമെങ്കിലും കൊടുക്കണം. 7 രൂപയെന്നുള്ളത് കുറച്ചുകൂടി വർദ്ധിപ്പിക്കണം. പ്രീ-പ്രൈമറി ഓരോ സ്ഥലത്തും സ്റ്റാർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചാലേ ഈ ഗവൺമെന്റ് സ്കൂളുകൾ മെച്ചപ്പെട്ട് വരുകയുള്ളൂ. അതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. പാഠപുസ്തകത്തിന്റെ കാര്യം, ഇന്ന് ഇരുപതാം തീയതിയാണ്. ഇതുവരെ അവർക്കത് കൊടുത്തിട്ടില്ല.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ നേരത്തേ പറഞ്ഞ കണക്കനുസരിച്ച്, ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഇത് എൻഹാൻസ് ചെയ്യാനും 7 രൂപയാക്കാനും തീരുമാനിച്ചത്. അതിന് മുമ്പ് 5 രൂപയായിരുന്നു. ആവശ്യമാണെങ്കിൽ ഇനിയും വർദ്ധനവ് വരുത്താം. ആരും ഇതിന് എതിരല്ല. അതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തേത് ടീച്ചേഴ്സിന്റെ ശമ്പളത്തിന്റെ കാര്യമാണ്. കോടതി പറഞ്ഞതനുസരിച്ച് ശമ്പളം കൊടുത്തു കൊണ്ടിരിക്കുന്നു. പേ-കമ്മീഷൻ ഇത് 9000 രൂപയാക്കാൻ പറഞ്ഞിട്ടുണ്ട്. പേ-കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റ് സ്വീകരിക്കുന്ന മുറയ്ക്ക് എന്താണോ കൊടുക്കാൻ കഴിയുന്നത് അതനുസരിച്ച് നമുക്ക് ചെയ്യാം. പാഠപുസ്തകങ്ങൾ അച്ചടിച്ചിട്ടില്ലായെന്നുള്ളത് ഒരു

സ്ഥിരം പല്ലവിയായിരിക്കുകയാണ്, ഗീബൽസിനെപ്പോലെ നൂറുപ്രാവശ്യം നുണപറഞ്ഞാൽ സത്യമാകുമെന്ന് വിചാരിച്ചിട്ട് കാര്യമില്ല. പാഠപുസ്തകങ്ങൾ ഇന്നത്തോടുകൂടി എല്ലാ ജില്ലകളിലും ഹബ്ബുകളിലും എത്തിക്കഴിഞ്ഞു.

ശ്രീ. പി. തിലോത്തമൻ: സർ, സ്കൂൾ പാചകത്തൊഴിലാളികളുടെ കാര്യം വളരെ കഷ്ടമാണ്. നാലഞ്ചംഗങ്ങളുള്ള വീടുകളിൽ ഭക്ഷണം പാകംചെയ്യാൻ സ്ത്രീകൾ അനുഭവിക്കുന്ന പ്രയാസമെന്താണെന്ന് നമുക്കറിയാം. 500 വിദ്യാർത്ഥികൾ വരെ പഠിക്കുന്ന സ്കൂളിൽ ഒരു പാചകത്തൊഴിലാളിയാണുള്ളത്. ആ തൊഴിലാളിക്ക് 250 രൂപയാണ് കൂലിയായി ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഒരാളിനെക്കൊണ്ട് ഭക്ഷണം പാകംചെയ്യാൻ കഴിയില്ല എന്ന് നമുക്കറിയാം. അവർ സഹായത്തിന് വേറൊരാളിനെക്കൂടി ക്ഷണിക്കുകയും കിട്ടുന്ന 250 രൂപ രണ്ട് തൊഴിലാളികളും പങ്കിട്ടെടുക്കുന്ന അവസ്ഥയാണ് കേരളത്തിലെ എല്ലാ സ്കൂളുകളിലും നടക്കുന്നത്. 500-ന് മേൽ ആയിരവും 1000-ന് മുകളിലും വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലും രണ്ട് പേരെയാണ് ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്. ഈ തുകകൊണ്ട് ഒരു കാരണവശാലും ഇവർക്ക് തൊഴിലെടുക്കാൻ കഴിയില്ല എന്നുള്ളത് നമുക്കെല്ലാപേർക്കും അറിയാം. അതുകൊണ്ട് ന്യായമായ വേതനം ലഭിക്കാൻ കഴിയത്തക്കവിധം, ഇക്കാര്യത്തിൽ ഒരു പഠനം നടത്തി അടിയന്തിരമായി വേതന

ഘടന പുനർ നിർണ്ണയിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, 500 കുട്ടികൾ വരെയുള്ളിടത്ത് ഒരാളും 500-ന് മേൽ കുട്ടികളുള്ളിടത്ത് രണ്ടുപേരും എന്നുള്ളതാണ് ഇപ്പോഴുള്ള നിയമം. അതാണ് ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്നത്.

ശ്രീമതി കെ. എസ്. സലീഖ: സർ, പൊതു വിദ്യാലയങ്ങളുടെ സംരക്ഷണം വളരെ അനിവാര്യമായിട്ടുള്ള കാലഘട്ടത്തിലാണ് നമ്മളിപ്പോൾ നിൽക്കുന്നത്. ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ പറഞ്ഞത്, പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണത്തിന്റെ പരിപാടി 2012-ന് ശേഷം റിക്വസ്റ്റൊന്നും കിട്ടാത്തതിന്റെ പേരിൽ നിർത്തലാക്കി എന്നാണ്. നമ്മുടെ പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ ലഭ്യമാകുന്നതിനുവേണ്ടിയിട്ടാണ് ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രീ-പ്രൈമറി കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി ഏത് വിധേനയും, ഇപ്പോൾ ഗവൺമെന്റ് പല കാര്യങ്ങളിലും കേന്ദ്ര നിയമമനുസരിച്ച് നടപ്പാക്കുന്നതിന് അനുമതി കൊടുക്കാൻ പ്രയാസമുണ്ട് എന്ന് അറിയിച്ചത് വളരെ പരിതാപകരമാണ്. ചില സ്കൂളുകളിൽ PTA കമ്മിറ്റികൾ ഇപ്പോഴും പണം പിരിച്ചെടുത്ത് ഭക്ഷണം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ്

ഇക്കാര്യത്തിൽ പരിശോധന നടത്തി, പുനർചിന്തനം നടത്തേണ്ടതുണ്ട്. പ്രീ-പ്രൈമറി കുട്ടികൾക്ക് ഉച്ചഭക്ഷണ പരിപാടി നിർത്തലാക്കാതെ, അത് പുനഃസ്ഥാപിച്ച് നൽകുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, മൂന്നതരത്തിലുള്ള പ്രീ പ്രൈമറി സ്കൂളുകൾ നമുക്കുണ്ട് - ഗവൺമെന്റ് അനുമതി നൽകിയിട്ടുള്ള ഗവൺമെന്റ് സ്കൂളുകളിലെ പ്രീ പ്രൈമറി, ഗവൺമെന്റ് അനുമതിയില്ലാതെ ഗവൺമെന്റ് സ്കൂളുകളിൽ പി.ടി.എ. നടത്തുന്ന പ്രീ പ്രൈമറി, എയ്ഡഡ് സ്കൂളുകളിലെ പ്രീ പ്രൈമറി. ഗവൺമെന്റ് അനുമതിയുള്ളിടത്ത് ഗവൺമെന്റ് ശമ്പളം കൊടുക്കുന്നു. ഗവൺമെന്റിന്റെ അനുമതിയില്ലാത്ത ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും പി.ടി.എ.-യാണ് അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നത്. വളരെ തുച്ഛമായ വേതനമായിരുന്നു. കുട്ടികളിൽ നിന്നും പണം പിരിച്ചിട്ടാണ് അത് കൊടുത്തിരുന്നത്. അതുകൊണ്ടാണ് അവർ കോടതിയിൽ പോയതും കോടതി വിധി അനുസരിച്ച് അവരുടെ വേതനം വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടതും. അങ്ങനെ വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ വലിയൊരു സാമ്പത്തിക ബാദ്ധ്യത ഗവൺമെന്റിന് വരുന്നതിന്റെ

അടിസ്ഥാനത്തിലാണ് ഇനി ഗവൺമെന്റിന്റെ മുൻകൂർ അനുമതിയില്ലാതെ പ്രീ പ്രൈമറി തുടങ്ങരുതെന്ന് പറഞ്ഞത്. 2012-ലെ ഉത്തരവനുസരിച്ചാണ് പുതിയതായി പ്രീ പ്രൈമറി തുടങ്ങുമ്പോൾ ഗവൺമെന്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടത്. എന്നാൽ ഗവൺമെന്റിനോട് മുൻകൂർ അനുമതിക്കുവേണ്ടി ഒരു ഗവൺമെന്റ് സ്കൂളോ എയ്ഡഡ് സ്കൂളോ അപേക്ഷിച്ചിട്ടില്ല. അതുകൊണ്ടാണ് 2012-ന് ശേഷമുള്ള പ്രീപ്രൈമറി കുട്ടികൾക്ക് ഉച്ചഭക്ഷണം അനുവദിക്കാത്തത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: അങ്ങ് ഇക്കാര്യത്തിൽ കടുംപിടിത്തം പിടിക്കുന്നത് എന്തിനാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, ഞാൻ കടുംപിടിത്തം പിടിക്കുന്നില്ല. ഈ പറയുന്നയാളുകൾ ഭരിക്കുന്ന സമയത്ത് പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ലഭിച്ചുകൊണ്ടിരുന്നത് 500-1000 രൂപയായിരുന്നു.....(ബഹളം)......അങ്ങനെ പറഞ്ഞിട്ട് കാര്യമില്ല.....(ബഹളം).....ഞാൻ യാഥാർത്ഥ്യം പറഞ്ഞുവെന്നേയുള്ളൂ ..... (ബഹളം)..... എനിക്ക് മറുപടി പറയണ്ടേ. എന്നെ പറയാൻ അനുവദിക്കണം.

<u>മി. സ്പീക്കർ</u>: നിങ്ങൾ ഇങ്ങനെ ബഹളമുണ്ടാക്കിയാൽ എങ്ങനെയാണ് മറുപടി

പറയുന്നത്. .....(ബഹളം)..... ചോദ്യങ്ങളെല്ലാം അനുവദിച്ചതാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ, മറുപടി പറഞ്ഞുകഴിഞ്ഞോ.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, എനിക്ക് പറയാനുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള സംഖ്യ വർദ്ധിപ്പിച്ചത്. 5 രൂപയിൽ നിന്നും 7 രൂപയാക്കാൻ ആലോചിക്കുന്നത് ഈ ഗവൺമെന്റാണ്. അതുപോലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രീ പ്രൈമറി ടീച്ചേഴ്സിനുള്ള ശമ്പളം വർദ്ധിപ്പിച്ചതും ഈ ഗവൺമെന്റാണ്. ഇപ്പോൾ വന്നിട്ടുള്ള ശമ്പള പരിഷ്കരണത്തിൽ അതുവീണ്ടും വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് ഒന്നും ചെയ്യാത്തവർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതിനെ കുറ്റം പറയുകയാണ്. അതിന് എന്തർത്ഥമാണുള്ളത്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, കഴിഞ്ഞ ബഡ്ജറ്റിൽ മിഡ്-ഡേ മീൽ സ്കീം - ഉച്ചക്കഞ്ഞി സ്കീമിനുണ്ടായിരുന്ന വിഹിതത്തിൽ നിന്നും ഏകദേശം 8000 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് കുറച്ചിട്ടുള്ളത്. ആ ഗണ്യമായ ഇടിവ് നികത്താൻ നമ്മുടെ സർക്കാരിന്റെ ഭാഗത്തുനിന്നും വല്ല ഫണ്ടുകളും വരുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, പ്ലാൻ ഫണ്ടിൽ 307.76 കോടി രൂപയും നോൺ പ്ലാനിൽ 323.91 കോടി രൂപയുമാണ് അലോട്ട് ചെയ്തിട്ടുള്ളത്. 631.67 കോടി രൂപയിൽ 101 കോടി രൂപ ഈ വർഷം കേന്ദ്രം അനുവദിച്ചു നൽകിയിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് എനിക്ക് ചോദിക്കാനുള്ളത്. നമ്മുടെ കുട്ടികളുടെ അതീവ ഗുരുതരമായ പ്രശ്നമാണ് ഞങ്ങളിവിടെ ഉന്നയിച്ചത്. കഴിഞ്ഞ കാലത്തെ ഗവൺമെന്റ് അങ്ങനെ ചെയ്തില്ല എന്നുകരുതി, അങ്ങയുടെ ഗവൺമെന്റ് ആ നീതി ചെയ്തു - 5 രൂപയാക്കിയിട്ടുണ്ട്. 32 ലക്ഷം കുട്ടികൾക്ക് പാലും മുട്ടയും നൽകിയത് ഞങ്ങളുടെ ഗവൺമെന്റാണ്. അതെല്ലാം ഇവിടെ നടന്നതാണ്. ഇപ്പോൾ പ്രീ-പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് കഞ്ഞി കൊടുക്കുന്നില്ല. പെരുന്നാൾ കഴിഞ്ഞ സമയത്തെങ്കിലും പട്ടിണി പാവങ്ങൾക്ക് കഞ്ഞി കൊടുക്കാൻ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വലിയ ശ്രദ്ധാലുവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഇതിൽ നിർദ്ദേശം കൊടുത്ത് അനുകൂലമായ പ്രതികരണമുണ്ടാക്കണം. വലിയ കുട്ടികൾ ആഹാരം കഴിക്കുമ്പോൾ കൊച്ചുകുട്ടികൾ നോക്കിക്കൊണ്ടിരിക്കുന്നത് ഏറ്റവും വലിയ ദാരുണമായ

അവസ്ഥയാണ്. അങ്ങ് ഇതിനെപ്പറ്റി പ്രതികരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഉച്ചഭക്ഷണം പദ്ധതി ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കാൻ ഗവൺമെന്റ് പരമാവധി പ്രയോറിറ്റി നൽകിയിട്ടുണ്ട്. അതിന്റെ തുക വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം പാചകത്തൊഴിലാളികളുടെ ശമ്പളം മൂന്നുപ്രാവശ്യം വർദ്ധിപ്പിച്ചു. അതും പോരാ എന്നു ഞാൻ പറയുന്നു, കാരണം ഒരു വലിയ ജോലിയാണ് അവർ ചെയ്യുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ കാലത്ത് ഇനിയും അവരുടെ ശമ്പളം വർദ്ധിപ്പിക്കും. സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി ഏറ്റവും നല്ല പരിപാടിയാണ്. അത് നല്ല നിലയിൽ തന്നെ മുന്നോട്ടുകൊണ്ടുപോകും. അത് സംബന്ധിച്ച് ഒരു ആശങ്കയും വേണ്ട. അംഗനവാടികളിൽ നടത്തുന്ന പ്രവർത്തനങ്ങളും സ്കൂളുകളിലെ ഉച്ചഭക്ഷണം ഉൾപ്പെടെയുള്ള പരിപാടികളിലും ഒരു ഒരു വിധത്തിലുള്ള വെട്ടിക്കുറവും വരുത്തില്ല. സെൻട്രലി സ്പോൺസേർഡായിട്ടുള്ള ചില പ്രോജക്ടുകൾക്ക് തുക കുറയ്ക്കാൻ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളതിൽ ഇതും ഉൾപ്പെടുന്നുണ്ട്. അതിനെ സംസ്ഥാന ഗവൺമെന്റ്

ശക്തമായി എതിർത്തിട്ടുണ്ട്. മാനസിക-ശാരീരിക വൈകല്യമുള്ള കുട്ടികളെ സഹായിക്കാൻ വേണ്ടിയുള്ള സ്കൂളുകളിലെ റിസോഴ്സ് ടീച്ചർമാർ, അംഗനവാടി വഴിയുള്ള സേവന പ്രവർത്തനങ്ങൾ ഇതിലൊക്കെ കുറവ് വരുത്താനുള്ള ശ്രമത്തോട് എതിർത്തിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ കേന്ദ്ര ഗവൺമെന്റ് കുറവ് വരുത്തുകയാണെങ്കിൽ സംസ്ഥാന ഗവൺമെന്റ് ആ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ഇപ്പോൾ നടക്കുന്നതുപോലെ നടത്തും എന്ന് ഉറപ്പുപറയാനും ഞാൻ ആഗ്രഹിക്കുകയാണ്. പ്രീ പ്രൈമറിയെ സംബന്ധിച്ചിടത്തോളം, വർഷങ്ങളായി മാറി മാറി വന്ന ഗവൺമെന്റുകൾ പ്രീ പ്രൈമറിയോട് സ്വീകരിച്ചിട്ടുള്ള സമീപനം, അതിലേയ്ക്ക് ഗവൺമെന്റ് അധികമായി ഇറങ്ങിച്ചെല്ലണ്ട എന്ന തീരുമാനമാണുണ്ടായിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ പ്രീ പ്രൈമറി ടീച്ചേഴ്സിനുള്ള വേതനം പി.ടി.എ. പിരിച്ച് കൊടുക്കുകയായിരുന്നു. ഇപ്പോൾ സുപ്രീം കോടതി ഇടപെട്ട് അവിടത്തെ അദ്ധ്യാപകരുടെ ശമ്പളം സംബന്ധിച്ച് വ്യക്തമായ ഡയറക്ഷൻ നൽകിയിരിക്കുകയാണ്. ആ ഡയറക്ഷൻ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചേ മതിയാകൂ. അങ്ങനെ വന്ന സാഹചര്യത്തിലാണ് പുതിയ പ്രീ പ്രൈമറി

സ്കൂളുകൾ തുടങ്ങുന്നതിനുള്ള നിയന്ത്രണത്തെക്കുറിച്ച് ഇവിടെ പറഞ്ഞത്. ഇതുവരെ നമുക്ക് ഒരു കമ്മിറ്റ്മെന്റുമില്ലായിരുന്നു. ഒരു ഗവൺമെന്റും ആ ഉത്തരവാദിത്വം ഏറ്റെടുത്തില്ല. ഈ ഗവൺമെന്റും ഏറ്റെടുത്തില്ല. എന്നാൽ ഇത് ശരിയല്ല, നിങ്ങൾ ആ ഉത്തരവാദിത്വം കൂടി ഏറ്റെടുക്കണമെന്ന് ഇപ്പോൾ സുപ്രീം കോടതി ഇടപെട്ട് പറഞ്ഞു. അങ്ങനെ പറഞ്ഞ സാഹചര്യത്തിൽ പുതിയ പ്രീ പ്രൈമറി സ്കൂളുകൾ തുടങ്ങുന്നതിന് ചില നിയന്ത്രണങ്ങൾ വച്ചിട്ടുണ്ട്. എവിടെയെങ്കിലും മാറ്റങ്ങൾ വേണമോയെന്നുള്ള കാര്യത്തെക്കുറിച്ച് ഗവൺമെന്റ് തുറന്ന മനസ്സോടെ പരിശോധിക്കാൻ തയ്യാറാണ്.

<u>ശ്രീ. ബി. സത്യൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ 34 സ്കൂളുകളെ ബന്ധിപ്പിച്ച് അങ്ങ് തന്നെ നേതൃത്വം നൽകുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം പിന്നീട് വൈകിട്ടും....., ഭൂരിപക്ഷം സ്കൂളുകളിലെ വിദ്യാർത്ഥികളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ, കയർത്തൊഴിലാളി, കശുവണ്ടിത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട വളരെ സാധുക്കളും പാവപ്പെട്ടവരുമാണ്. മഹാഭൂരിപക്ഷം

കുട്ടികളും രാവിലെ ഒന്നും കഴിക്കാതെ വരികയാണ്. ഈ ജില്ലയിൽ ഡോ. വേലായുധന്റെ ജി.ജി. ഹോസ്പിറ്റൽ ട്രസ്റ്റ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പ്രഭാതത്തിൽ മൂന്ന ഇഡ്ഡലിയും സാമ്പാറും വടയും ചായയും കുട്ടികൾക്ക് കൊടുക്കുകയാണ്. ഇങ്ങനെ ഭക്ഷണം കൊടുത്തു തുടങ്ങിയതിനുശേഷം അടച്ചുപൂട്ടിയ രണ്ട് സ്കൂളുകൾ ഈ അദ്ധ്യയനവർഷം തുറന്ന് പ്രവർത്തിക്കുകയാണ്. കൂടുതൽ വിദ്യാർത്ഥികളെ അവിടെ എത്തിക്കുവാനും കഴിഞ്ഞു. ഇവിടെ ഉച്ചഭക്ഷണത്തിന്റെ ചർച്ച നടക്കുമ്പോൾ, നമ്മളെല്ലാവരും രാവിലെ ഭക്ഷണം കഴിക്കുന്നവരാണ്. വിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ ഭക്ഷണം കൂടി ചേർത്തു കൊണ്ടുള്ള ജനപങ്കാളിത്തത്തോടു കൂടിയുള്ള ഒരു പദ്ധതിയാണ് നടപ്പിലായി വരുന്നത്. അവിടെ പ്രഭാത ഭക്ഷണം പദ്ധതിയെ കൂടി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി...., തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഏകോപനം നടത്തുമ്പോൾ ജില്ലാ ആസൂത്രണ സമിതിയുമായി ചേർന്ന് പ്രഭാത ഭക്ഷണം പദ്ധതിക്കുവേണ്ടി ഒരു പ്രൊവിഷൻ കൊടുത്ത് ഈ സ്കൂളുകളെ നിലനിറുത്തികൊണ്ടുപോകുവാനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ ഇത് നേരത്തെ പറഞ്ഞതാണ്. പഴയ കാലത്ത് ഗവൺമെന്റ് തന്നെ എല്ലാ സാധനങ്ങളും നൽകുകയായിരുന്നു. അതിന് മാറ്റം വരുത്തി അരിയും അതുപോലുള്ള സാധനങ്ങളും മാത്രം കൊടുത്ത് ബാക്കിയുള്ളവയ്ക്ക് പണം കൊടുക്കുന്നത്, അവിടത്തെ പി.ടി.എ.-യ്ക്ക് ഇതിൽ ഒരു ഓപ്ഷൻ ലഭിക്കാൻ വേണ്ടിയാണ്. പി.ടി.എ.-യുടെ അതുപോലെ സ്പോൺസർ ചെയ്യുന്ന ആളുകളുടെ സഹായത്തോടെ വൈവിധ്യമാർന്ന ആഹാരം കൊടുക്കുന്നുണ്ട്. അതുപോലെ ബഹുമാനപ്പെട്ട ബി. സത്യൻ പറഞ്ഞതുപോലെ ദൂരപ്രദേശങ്ങളിൽ നിന്നും രാവിലെ ബ്രേക്ക് ഫാസ്റ്റ് കഴിക്കാതെ വരുന്ന കുട്ടികൾക്ക് ബ്രേക്ക് ഫാസ്റ്റ് കൊടുക്കുന്ന ധാരാളം സ്കൂളുകളുണ്ട്. സമഗ്ര വിദ്യാഭ്യാസ പദ്ധതി 56 മണ്ഡലങ്ങളിൽ നടക്കുന്നുണ്ട്. അവിടെ മാത്രം ഒരു റേറ്റും വേറെ സ്ഥലത്ത് മറ്റൊരു റേറ്റുമാക്കാൻ സാധിക്കുകയില്ല. അതേയവസരത്തിൽ അവിടെയുള്ള പി.ടി.എ.-കളൊക്കെ ആലോചിച്ചുകൊണ്ട് ഈ രീതിയിലുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് വലിയ നല്ല കാര്യമാണ്. രാവിലെ ഒന്നും കഴിക്കാതെ കുട്ടികൾ സ്കൂളുകളിൽ വരുന്ന പ്രദേശമുണ്ട്, രാവിലെ വീടുകളിൽനിന്നും നേരത്തെ പുറപ്പെടുന്നതു കാരണം

ഭക്ഷണം കഴിക്കാൻ സാധിക്കാത്ത കുട്ടികളുണ്ട്. അങ്ങനെയുള്ള കുട്ടികളെ കണ്ടെത്തിയിട്ടാണ് ഈ പ്രാതൽ കൊടുക്കുന്നത്. പല ജില്ലകളിലും, പല നിയോജകമണ്ഡലങ്ങളിലും ഇത് നടക്കുന്നുണ്ട്. അതുപോലെ മാസത്തിലൊരിക്കൽ കുട്ടികൾക്ക് ബിരിയാണി കൊടുക്കുന്ന സ്കൂളുകളുമുണ്ട്. പി.ടി.എ.-യുടെ ഭാവനയ്ക്കനുസരിച്ച് കുട്ടികളുടെ കാര്യത്തിനുവേണ്ടി നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് വലിയ പ്രോത്സാഹനജനകമായ കാര്യമാണ്. പക്ഷേ ഗവൺമെന്റിന് ഓരോ മണ്ഡലത്തിലുള്ള സ്കൂളുകൾ തമ്മിലുള്ള വ്യത്യാസം ഈ തുകയുടെ കാര്യത്തിൽ വരുത്താൻ കഴിയുകയില്ല.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: സർ, ഞാൻ ചോദിച്ച ഒരു ചോദ്യത്തിന് വ്യക്തമായ മറുപടിയല്ല മുഖ്യമന്ത്രി പറഞ്ഞത്. പ്രൈമറി സ്കൂളിലെ അധ്യാപകരുടെ പ്രശ്നവുമായി ബന്ധപ്പെട്ട് ഞാൻ തന്നെ അങ്ങേയ്ക്ക് ഒരപേക്ഷ നൽകിയിട്ടുണ്ട്. ഹൈക്കോടതിയുടെ വിധിവരുന്ന സന്ദർഭത്തിൽ അവിടെ പഠിപ്പിച്ചുകൊണ്ടിരുന്ന അധ്യാപകർക്കാണ് നിലവിൽ നിയമനം ലഭിക്കാതെ പോയിരിക്കുന്നത്. ഉടുമ്പൻചോല പോലെ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലെ സ്കൂളുകൾക്കാണ് ഇത് ബാധകമായിരിക്കുന്നത്. അതുകൊണ്ട് ആ അധ്യാപകരുടെ

കാര്യം ഗവൺമെന്റ് സ്കൂളെന്ന നിലയിൽ പ്രത്യേക പരിഗണന കൊടുത്ത് പരിഗണിച്ച് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, പുതിയ രീതിയിലുള്ള ശമ്പളം വന്നതിനുശേഷം പുതിയതായി അധ്യാപകരെ നിയമിക്കരുതെന്ന് ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. ഇപ്പോൾ പല സ്കൂളുകളിലും പി.ടി.എ.-യുടെ താൽപ്പര്യമനുസരിച്ച് നേരത്തെ കുറച്ച് ശമ്പളമുള്ള ആളെ മാറ്റി പുതിയ ആളുകളെ നിയമിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തിയാൽ, അവരുടെ സമ്മതമില്ലാതെയാണ് മാറ്റിയതെങ്കിൽ നമുക്ക് തീർച്ചയായും അവരുടെ കാര്യത്തിൽ നടപടി സ്വീകരിക്കാം. ഗവൺമെന്റ് തന്നെ പ്രത്യേകം പറയാൻ കാരണം, കൂടുതൽ തുക കിട്ടുമെന്ന് കാണുമ്പോൾ മാനേജ്മെന്റാണെങ്കിലും ഗവൺമെന്റ് സ്കൂളുകളാണെങ്കിലും അവിടത്തെ പി.ടി.എ.-കൾ അവർക്ക് താൽപ്പര്യമുള്ള ആളുകളെ മാറ്റി നിയമനം നടത്താൻ ശ്രമിക്കുമെന്നുള്ളതുകൊണ്ടാണ് പുതിയ നിയമനം നടത്താൻ പാടില്ലായെന്ന് ആ ഉത്തരവിൽ തന്നെ പറഞ്ഞിട്ടുള്ളത്.

ശ്രീ. എം. ഹംസ: സർ, ഉച്ചഭക്ഷണ പരിപാടിയുടെ വിജയമാണ് നമ്മുടെ കുട്ടികളുടെ കായികക്ഷമതയുടെ വർദ്ധനവിന്റെ പ്രധാന കാരണമായി പറയുന്നത്. അതിന് സഹായകരമായ രൂപത്തിൽ കിച്ചൻ-കം-സ്റ്റോറിനുവേണ്ടി എയ്ഡഡ്

സ്കൂളുകളിലേയ്ക്ക് വരെ പണം കൊടുക്കാവുന്ന സ്കീമുണ്ട്. ആ സ്കീം വളരെ ഫലപ്രദമായി നടപ്പിലാക്കാനാവാശ്യമായ ഒരു മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുമോ; അക്കാര്യത്തിൽ കുറ്റമറ്റരീതിയിലുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ? പൊതു വിദ്യാഭ്യാസ രംഗത്ത് ഇക്കൊല്ലം 3,60,000 കുട്ടികൾ ഒന്നാം ക്ലാസിൽ എത്തുകയും 5,00,000 ലക്ഷം പേർ പത്താം ക്ലാസ് കഴിഞ്ഞ് പുറത്തുപോവുകയും ചെയ്യുന്നുവെന്നാണ് ഒരു പത്രത്തിൽ വന്ന കണക്ക്. ഇങ്ങനെയൊണങ്കിൽ പൊതുവിദ്യാഭ്യാസത്തിന്റെ ആയുസ്സ് എത്രകാലമായിരിക്കും; അതുമാറ്റാൻ അൺ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളെ കൂടി ആകർഷിക്കാൻ കഴിയത്തക്ക രീതിയിലുള്ള പദ്ധതികൾ പൊതു വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അൺ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളെക്കൂടി ആകർഷിക്കാൻ വേണ്ടിയുള്ള പരിപാടികൾ ഈ ഗവൺമെന്റ് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ രണ്ട് കൊല്ലമായി മൊത്തം സ്കൂളുകളിലെ കുട്ടികളുടെ എണ്ണവും ഒന്നാം ക്ലാസിൽ ചേരുന്ന കുട്ടികളുടെ എണ്ണവും വർദ്ധിച്ചത്. ഈ വർഷം 9,000-ത്തോളം കുട്ടികൾ ഒന്നാം ക്ലാസിൽ കഴിഞ്ഞ വർഷത്തെക്കാൾ പുതിയതായി ചേർന്നിട്ടുണ്ട്. കഴിഞ്ഞ വർഷം 3000-ത്തിൽ അധികം കുട്ടികൾ ചേർന്നിരുന്നു. ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യത്തിലും പഠന- പാഠ്യേതര കാര്യങ്ങളിലുമെല്ലാം സർക്കാർ

സ്കൂളുകളും സർക്കാർ-എയ്ഡഡ് സ്കൂളുകളും അൺ എയ്ഡഡ് സ്കൂളുകളേക്കാൾ മുൻപന്തിയിൽ നിൽക്കുന്നുവെന്നുള്ളതിന്റെ സൂചനയാണ് ഈ രീതിയിലുള്ള കാര്യങ്ങളുള്ളത്. മറ്റ് കാര്യങ്ങളെ സംബന്ധിച്ചുള്ള കണക്കുകൾ പറയുമ്പോൾ, പ്ലസ് ടു സീറ്റിന്റെ കാര്യത്തെക്കുറിച്ച് ചില പത്രങ്ങൾ സീറ്റില്ലെന്നും ചില പത്രങ്ങൾ സീറ്റ് ബാക്കിയാണെന്നും എഴുതും. എങ്ങനെയാണ് എഴുതുന്നത്, ഗവൺമെന്റ് ലെവലിലോ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിലോ സീറ്റുകൾ കുറവാണ്. വളരെ റിമോട്ട് ഏരിയയിൽ കുട്ടികൾ സെലക്ട് ചെയ്യാത്ത കോമ്പിനേഷനുകളിലാണ് സീറ്റ് ബാക്കി വരുന്നത്. അൺ എയ്ഡഡ് സ്കൂളുകളിൽ 25000-30000 സീറ്റുകൾ ബാക്കി വരുന്നത് ഗവൺമെന്റിന്റെ അക്കൗണ്ടിൽ ചേർത്തുകൊണ്ട് അനാവശ്യമായി സീറ്റുകളും ബാച്ചുകളും കൊടുക്കുന്നുവെന്നുള്ള പ്രചരണമാണ് നടത്തികൊണ്ടിരിക്കുന്നത്. ഗവൺമെന്റ് സ്കൂളുകളും സർക്കാർ സ്കൂളുകളും..... മാത്രമല്ല ഇപ്പോൾ വന്നിട്ടുള്ള പുതിയ പ്രവണത എസ്.എസ്.എൽ.സി. കഴിഞ്ഞാൽ പ്ലസ്-വൺ, പ്ലസ്-ടുവിന് ചേരുന്നതിനായി സി.ബി.എസ്.ഇ. സ്കൂളുകളിലെ കുട്ടികൾ പോലും ഗവൺമെന്റ് സ്കൂളിലും എയ്ഡഡ് സ്കൂളിലേയ്ക്കും വരികയാണ്.

## കാലവർഷത്തിന്റെ കുറവ് - പ്രത്യാഘാതങ്ങൾ

(*392) ശ്രീ.എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം ആരംഭിച്ചിട്ടും പ്രതീക്ഷയ്ക്കൊത്ത മഴ സംസ്ഥാനത്ത് ലഭിക്കാതിരിക്കുന്ന സാഹചര്യം എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും ഇതിനായി എന്തൊക്കെ പരിഹാര നടപടികൾ വേണ്ടിവരുമെന്നതും സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) മഴ കുറയുന്ന സാഹചര്യമുണ്ടായാൽ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കാനും കാർഷികാവശ്യത്തിനും വ്യാവസായികാവശ്യത്തിനുമുള്ള ജല ലഭ്യത ഉറപ്പാക്കാനും ആവശ്യമായ മുൻകരുതൽ നടപടികളെക്കുറിച്ച് വിവിധ വകുപ്പുകളുമായി ആശയവിനിമയം നടത്തുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) ഉണ്ട്. മഴയുടെ അളവുകളെ സംബന്ധിച്ച കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ജില്ലാ തലത്തിലുള്ള അവലോകനം സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, നടത്തിയിട്ടുണ്ട്. 2015 ജൂൺ 4-ാം തീയതി കേരളത്തിൽ കാലവർഷം ആരംഭിച്ചു. അന്നേ ദിവസം മുതൽ ജൂലൈ 8-ാം തീയതി വരെ 38 ശതമാനം മഴയുടെ കുറവാണ്

പ്രതീക്ഷിച്ചതിൽനിന്നും ഉണ്ടായിട്ടുള്ളത്. എല്ലാ ജില്ലകളിലും മഴ കുറവാണ് എന്നാണ് കാണുന്നത്. ആയതിന്റെ വെളിച്ചത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ വരൾച്ച അടിയന്തരഘട്ട പ്രവർത്തന രൂപരേഖ പ്രകാരം ഒരു അടിയന്തരഘട്ട പ്രവർത്തന രൂപരേഖ കേരളത്തിനുവേണ്ടിയും തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര മാനദണ്ഡം അനുസരിച്ച് ജൂലൈ 15 വരെയുള്ള മഴയുടെയും, കാർഷിക വിളകളുടെ വളർച്ചയുടെ തോതും കുടിവെള്ള ലഭ്യതയും അടിസ്ഥാനപ്പെടുത്തിയാണ് കേരളം വരൾച്ചാ ബാധിത പ്രദേശമാണോ എന്ന് നിർണ്ണയിക്കേണ്ടത്.

(ബി) 2012-ലാണ് സംസ്ഥാനത്തിലെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി ഇതിനുമുമ്പ് പ്രഖ്യാപിച്ചിട്ടുള്ളത്. അതുനശേഷം അത്തരമൊരു സ്ഥിതിവിശേഷം സംസ്ഥാനത്ത് സംജാതമായിട്ടില്ല. അന്ന് പ്രധാനപ്പെട്ട എല്ലാ വകുപ്പുകളേയും വിളിച്ച് ചേർത്ത് കേരളത്തിലെ വരൾച്ചാ പ്രതിരോധത്തിനാവശ്യമായ നടപടികളെക്കുറിച്ച് വിശദമായ ചർച്ച നടത്തുകയും പ്രസ്തുത യോഗത്തിൽ തീരുമാനിച്ച പ്രകാരം ജില്ലാ കളക്ടർമാർക്കും വകുപ്പ് മേധാവികൾക്കും 28.12.2012-ലെ 77507/K3/2012/DMD നമ്പർ സർക്കുലർ പ്രകാരം 22 ഇന നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. തുടർന്ന് 2014-ലും 2015-ലും പ്രസ്തുത നിർദ്ദേശങ്ങൾ ആവർത്തിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത

നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്നു. മഴക്കുറവ് പരിഗണിച്ച് കൊണ്ട് കൃഷി വകുപ്പിനോടും, കേരള വാട്ടർ അതോറിറ്റിയോടും കൃഷി നാശത്തിന്റെയും, കുടിവെള്ള ലഭ്യതയുടെയും സാദ്ധ്യതകളെ കുറിച്ച് അവലോകനം നടത്തി വിശദാംശങ്ങൾ വരൾച്ച നിരീക്ഷണ സെല്ലിനെ അറിയിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. 2015 ജനുവരി 1 മുതൽ ജൂൺ നാലുവരെയുള്ള ഘട്ടത്തിൽ കേരളത്തിൽ സാമാന്യം പരക്കെ മഴ ലഭിച്ചതിനാൽ പ്രധാനപ്പെട്ട കുടിവെള്ള സ്രോതസ്സുകളായ അണക്കെട്ടുകളിൽ എല്ലാംതന്നെ സാധാരണ രീതിയിൽ ജലം ഉണ്ട് എന്നാണ് ഇറിഗേഷൻ വകുപ്പിന്റെയും കെ.എസ്.ഇ.ബി.-യുടെയും കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, മഴയുടെ കാര്യത്തിൽ കേരളം വളരെ സമ്പന്നമായിരുന്നു. മൺസൂണായാലും തുലാവർഷമായാലും വേനൽ മഴയുടെ കാര്യത്തിൽ പോലും നമ്മൾ വളരെ അനുഗ്രഹീതരായിരുന്നു. എന്നാൽ കാലാവസ്ഥ വ്യതിയാനത്തെത്തുടർന്ന് മഴ ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇവിടെ പീരിയോഡിക്കൽസിലൂടെയും പത്ര മാധ്യമങ്ങളിലൂടെയും നമുക്കറിയാൻ സാധിച്ചത് 32 ശതമാനം മഴയുടെ കുറവ് ഈ സമയത്തിനകം ഉണ്ടായിട്ടുണ്ടെന്നാണ്. എന്നാൽ

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്കുപ്രകാരം 38 ശതമാനം മഴയുടെ കുറവ് ഉണ്ടായിട്ടുണ്ടെന്നാണ്. അത് വലിയ കുറവുതന്നെയാണ്. എല്ലാ ജില്ലകളിലും ഈ കുറവുണ്ട്. ഈയൊരു സാഹചര്യത്തിൽ വളരെ രൂക്ഷമായ വരൾച്ചയാണ് ഈ വർഷം നമ്മളെ കാത്തിരിക്കുന്നതെന്നാണ് വ്യക്തമാക്കുന്നത്. അതുകൊണ്ട് കുടിവെള്ള ക്ഷാമത്തിലും കാർഷിക രംഗത്തുമുണ്ടാകുന്ന ഈ വരൾച്ചയെ നേരിടുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും പ്രത്യേകമായ പരിപാടികൾ തയ്യാറാക്കിയിട്ടുണ്ടോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, എല്ലാ ജില്ലകളിലെയും മഴയുടെ തോത് പരിശോധിച്ചാൽ നമ്മൾ പ്രതീക്ഷിച്ചതിനേക്കാൾ കുറവാണ് ലഭിച്ചിട്ടുള്ളത്. ജൂൺ 5 മുതൽ ജൂലൈ 8 വരെയുള്ള കണക്ക് പരിശോധിച്ചാൽ, ഏതാണ്ട് 829.2 എം.എം. മഴ നമുക്ക് ലഭ്യമാകുകയും ആ വെള്ളം നമുക്ക് ലഭിക്കുകയും ചെയ്യും എന്നാണ് പ്രതീക്ഷിച്ചിരുന്നത്. ഏതാണ്ട് 37.7 ശതമാനം കുറവാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. 38 ശതമാനം എന്ന് ഞാൻ സഭയിൽ പറഞ്ഞത് approximate കണക്കാണ്. (-37.7) ആണ് ഇതുവരെയുള്ളത്. ഇപ്പോൾ രണ്ട് ദിവസമായി വടക്കൻ ജില്ലകളിൽ നല്ല മഴ ലഭ്യമാകുന്നുണ്ട്. എന്നിരുന്നാലും വരൾച്ച നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ ഗവൺമെന്റ് തീർച്ചയായും ആലോചിക്കുന്നതാണ്. അങ്ങനെ വരുന്ന അവസരത്തിൽ

ചില കണക്കുകൾ വച്ച് പരിശോധിച്ചുകൊണ്ടാണ് വരൾച്ച നേരിടേണ്ടി വരുമോയെന്നുള്ള കാര്യങ്ങൾ വ്യക്തമാകുന്നത്. അതിനാവശ്യമായ നടപടികൾ തീർച്ചയായും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ലഭിക്കുന്ന മഴവെള്ളം വളരെ കുറവാണ്. ആ മഴവെള്ളം തന്നെ പാഴായി പോകുന്നുവെന്ന വിലാപം നമുക്കിടയിൽ സ്ഥിരമായിട്ടുണ്ട്, നമ്മളെല്ലാവരും പ്രസംഗിക്കുകയും ചെയ്യുന്നുണ്ട്. ഒരുപാട് മഴ പെയ്യുന്നുണ്ടെങ്കിലും അത് അറബിക്കടലിൽ ചെന്ന് പതിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ഇനിയെങ്കിലും ലഭിക്കുന്ന മഴ കൃത്യമായി harvest ചെയ്യാൻ, അത് ഉപയോഗപ്പെടുത്താനുള്ള ഒരു പരിശ്രമത്തെ സംബന്ധിച്ച് ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികൾ ഉണ്ടാകുമോ; അതോടൊപ്പം കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ കാലാവസ്ഥ വ്യതിയാനത്തിന് എന്താണ് പരിഹാരം; എന്താണ് പ്രവർത്തനം; എന്നതിനെ സംബന്ധിച്ച് വകുപ്പുതലത്തിൽ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; തുടങ്ങിയ കാര്യങ്ങളാണ് അറിയേണ്ടത്?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നമുക്ക് ലഭ്യമാകുന്ന മഴയുടെ അടിസ്ഥാനത്തിൽ കിട്ടുന്ന ജലം നദികളിലൂടെ ഒഴുകി

അറബിക്കടലിലേയ്ക്ക് പോവുകയാണ്. പലപ്പോഴും അത് സംരക്ഷിക്കപ്പെടുന്ന കാര്യത്തെക്കുറിച്ച് ആലോചന നടത്താറുണ്ട്. അത്തരത്തിൽ അലോചന നടത്തുമ്പോൾ അത് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നതിനായി നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ പല മേഖലകളിൽ നിന്നും എതിർപ്പുകളും ഉണ്ടാകാറുണ്ട്. ആ എതിർപ്പുകൾ കേരളത്തിന് ഗുണം ചെയ്യുമോയെന്നുള്ള കാര്യം പരിശോധിക്കേണ്ടതായിട്ടുണ്ട്. ഈ ജലം സംരക്ഷിക്കപ്പെടുവാൻ കഴിഞ്ഞാൽ വൈദ്യുതി ഉത്പാദന രംഗത്തുപോലും ഇന്നുള്ള രൂക്ഷമായ പ്രശ്നങ്ങളെ ശക്തമായി നേരിടാൻ കഴിയുന്നതാണ്. അത്തരം പ്രശ്നങ്ങൾ കൂടി പൊതു ചർച്ചയ്ക്ക് വഴി ഒരുക്കപ്പെടേണ്ടതാണെന്ന അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. അതുപോലെ അദ്ദേഹം പറഞ്ഞ കാര്യങ്ങളിൽ ഗവൺമെന്റ് കൂടുതൽ ശ്രദ്ധ കൊടുക്കും എന്നുകൂടി അറിയിക്കുകയാണ്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, കാലവർഷം കുറഞ്ഞാലും കൂടിയാലും സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച മുന്നറിയിപ്പുകൾ യഥാസമയം നൽകുന്നതിനും പ്രകൃതി ദുരന്തങ്ങൾ കാരണം ദുരിതം അനുഭവിക്കുന്നവർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. അട്ടൂർ പ്രകാശ്</u>: സർ, പ്രകൃതി ദുരന്തങ്ങളെ സംബന്ധിച്ച് എല്ലാ കാര്യങ്ങളും മുൻകൂട്ടി അറിയാൻ കഴിയുമെന്ന് പറയുന്നില്ല. എങ്കിൽപോലും ഇന്ന് ശാസ്ത്രീയമായി പല പഠനങ്ങളുടെയും അടിസ്ഥാനത്തിൽ ദുരന്തങ്ങളെ നേരിടുന്നതിനായി വളരെ കാലേക്കൂട്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2015-ൽ തന്നെ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വിശ്വാസ് മേത്തയുടെ നേതൃത്വത്തിൽ വളരെ നേരത്തെ തന്നെ ഓരോ ഡിപ്പാർട്ടുമെന്റിലെയും വകുപ്പുതല അദ്ധ്യക്ഷന്മാരെ വിളിച്ചുചേർത്ത് മഴക്കെടുതി ഉണ്ടായാൽ എങ്ങനെ നേരിടേണ്ടിവരുമെന്നതിനെക്കുറിച്ച് ആലോചന നടത്തി ജില്ലാ കളക്ടർമാർക്ക് ചില നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കാലേകൂട്ടി അത്തരത്തിലുള്ള എല്ലാ കാര്യങ്ങളും നടപ്പാക്കികൊണ്ടിരിക്കുകയാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർ, കേരളത്തിലെ മഴയുടെ ലഭ്യത അഭിമാനത്തോടെ കണ്ടവരാണ് നമ്മൾ. നമ്മുടെ സംക്രാന്തിയും ഞാറ്റുവേലയും മറ്റാർക്കും കൊണ്ടുപോകാൻ കഴിയില്ലായെന്ന് അഹങ്കരിച്ചിരുന്നവനാണ് മലയാളി. പക്ഷേ ഇന്ന് കാര്യങ്ങൾ അപ്പുറത്തേയ്ക്ക് പോവുകയാണ്. 38 ശതമാനം മഴയുടെ കുറവുണ്ടെന്നാണ് ഇവിടെ പറഞ്ഞത്. ജൂലൈ 15 ആണ് കട്ട്-ഓഫ് ഡേറ്റായി പറയുന്നത്. പക്ഷെ ജൂലൈ 15 ആകുമ്പോഴും മഴ വളരെ ശക്തമായി തുടരുകയാണ്.

ജൂലൈ 15-നകം കിട്ടുന്ന മഴ കൃത്യമായ ഒരു കണക്കാകുമോ എന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. നമ്മുടെ കാർഷിക രംഗത്ത് വലിയ മാറ്റങ്ങൾ വന്നിരിക്കുകയാണ്. കേരളത്തിൽ ഇതുവരെ ലഭ്യമാകാതിരുന്ന പ്രധാനപ്പെട്ട പഴവർഗ്ഗങ്ങളുടെയൊക്കെ ഉത്പാദനം കേരളത്തിൽ വർദ്ധിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ചുവന്ന ഈ മാറ്റവും കാർഷിക രംഗത്തുണ്ടാകുന്ന മാറ്റങ്ങളും കൂടി എങ്ങനെയാണ് പരസ്പരം പൊരുത്തപ്പെടേണ്ടത് എന്നതിക്കുറിച്ചുള്ള ഒരു പഠനം കേരളത്തിൽ നടത്തേണ്ടതുണ്ട്. അത് നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ? വരൾച്ചാദുരിതാശ്വാസത്തിനുവേണ്ടി വിനിയോഗിക്കുന്ന ഫണ്ടിന്റെ പരിധിയിൽ പൊതുകുളങ്ങളും പൊതുജലാശയങ്ങളും മാത്രമേ ഇപ്പോൾ വരുന്നുള്ളൂ. അതോടൊപ്പം സ്വകാര്യവ്യക്തികളുടെ കൈവശമുള്ള വലിയ ജലാശയങ്ങളും ഈ നാടിന് ഉപകാരപ്പെട്ടതു തന്നെയാണ്. സർക്കാർ അത്തരം കാര്യങ്ങൾക്കുകൂടി ഫണ്ട് വിനിയോഗിക്കുന്നതിനുള്ള സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുന്നതിനുള്ള നടപടിയെടുക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഇപ്പോഴുള്ള കേന്ദ്രസർക്കാരിന്റെ നോംസ് അനുസരിച്ച് പ്രൈവറ്റ് ആളുകളുടെ ഭൂമിയിലുള്ള കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള

സഹായങ്ങൾ നൽകുന്നതിന് ബുദ്ധിമുട്ടുകളുണ്ട്. ഇക്കാര്യത്തിൽ വിവിധ വകുപ്പുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കുളങ്ങൾ സംരക്ഷിക്കപ്പെടുന്നതിനായി ഇറിഗേഷൻ വകുപ്പും കൃഷിവകുപ്പും ആവശ്യമായ നടപടികൾ ഇപ്പോൾ തന്നെ സ്വീകരിക്കുന്നുണ്ട്. കുടിവെള്ളത്തിനാവശ്യമായ വെള്ളം സംരക്ഷിക്കപ്പെടുക എന്ന് പറയുന്നത് ഏറ്റവും പ്രധാനപ്പെട്ട  കാര്യമായിതന്നെ ഗവൺമെന്റ് കാണുന്നുണ്ട്. ഇത്തരം കാര്യങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യും.

ശ്രീ. എം. ഉമ്മർ: സർ, നമ്മുടെ ജീവിതരീതിയും കൃഷിയുമൊക്കെ ഞാറ്റുവേലകളെയും കാലവസ്ഥയെയും മാത്രം ആശ്രയിച്ചാണ്  കർഷകരും മറ്റും ചിട്ടപ്പെടുത്തിയിട്ടുള്ളത്.  ഇവിടെ കാലാവസ്ഥ വ്യതിയാനം  എന്ന് പറയുമ്പോൾ, കൊടിയ വേനലിൽ ധാരാളമായി മഴ ലഭിക്കുകയാണ്. വേനലിൽ നമുക്ക് ലഭിക്കുന്ന മഴ അപ്രതീക്ഷിതമായി ഒരനുഗ്രഹമാണെങ്കിലും പിന്നീട് മഴക്കാലത്ത് മഴ ലഭിക്കാതെപ്പോവുകയാണ്.  അങ്ങ് തന്നെ സൂചിപ്പിച്ചതുപോലെ 38 ശതമാനത്തിന്റെ മഴക്കുറവ് വന്നിട്ടുണ്ട്. ഈ സാഹചര്യത്തെ സംബന്ധിച്ച് നമ്മുടെ കവി ഒ.എൻ.വി. കുറുപ്പ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ വരികൾ ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

"അടിമുകിൽ മാല കുടിനീരു തിരയുന്നു,

ആതിരകൾ കുളിരു തിരയുന്നു,

ആവണികളൊരു കുഞ്ഞിപ്പൂവ് തിരയുന്നു,

ആറുകൾ ഒഴുക്ക് തിരയുന്നു,

സർഗ്ഗലയതാളങ്ങൾ തെറ്റുന്നു..."

എന്നുപറഞ്ഞതുപോലെ നമ്മുടെ താളങ്ങൾ തെറ്റുകയാണ്. പ്രകൃതിയുടെ താളങ്ങൾ തെറ്റുന്നതിനെ സംബന്ധിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തി, ഇങ്ങനെ അടിക്കടിയുണ്ടാകുന്ന മാറ്റങ്ങൾക്കുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി പ്രതിവിധിയെ നേരിടാനുള്ള എന്ത് തയ്യാറെടുപ്പാണ് നടത്താൻ കഴിയുന്നതിനെകുറിച്ച് അങ്ങ് ആലോചിക്കണം.

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനും അത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കണം എന്നതിനെക്കുറിച്ചും ആലോചന നടത്താറുണ്ട്. അത്തരം കാര്യങ്ങൾ നടത്തുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ പല കാര്യങ്ങളും കാലേകൂട്ടി മനസ്സിലാക്കിക്കൊണ്ട് അതിന് നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്. തീർച്ചയായും ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശങ്ങൾ കൂടി അതിൽ ഉൾപ്പെടുത്തി നടപടികൾ

സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനവും പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളും മഴയുടെ കുറവുകൊണ്ടും ഭൂമിയുടെ വാട്ടർ ലെവൽ താഴ്ന്നുകൊണ്ടിരിക്കുന്നുവെന്ന ആക്ഷേപമൊക്കെ ഉയർന്നുവരികയാണ്. അത് ഭാവിയിൽ വലിയ ദോഷം ഉണ്ടാകുമെന്നുള്ളതും മനസ്സിലാക്കിയിട്ടുണ്ട്. പക്ഷേ അത് മനസ്സിലാക്കിയാലും അതിനുള്ള പരിഹാരം കാണുന്നതിനു വേണ്ടിയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഫലപ്രദമായ നടപടി സ്വീകരിക്കണമെന്നുണ്ടെങ്കിൽ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് നടത്താനും നമ്മുടെ ജലസ്രോതസ്സുകൾ സംരക്ഷിക്കാനും നദികളിലൂടെ ഒഴുകിപ്പോകുന്ന വെള്ളം കെട്ടിനിർത്തി സംരക്ഷിക്കാനും കഴിയണം. ആ ഉദ്ദേശത്തോടുകൂടിയാണ് ഭാരതപ്പുഴയിൽ എന്റെ മണ്ഡലത്തിൽ നാല് തടയണകൾ നിർമ്മിക്കാൻ തീരുമാനിച്ചത്. അതിൽ മൂന്നു തടയണകൾ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റും ഒരു തടയണ റിവർ മാനേജ്മെന്റ് ഫണ്ടുമുപയോഗിച്ച് ചെറുതുരുത്തിയിൽ നിർമ്മിക്കാൻ തീരുമാനിക്കുകയും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തതാണ്. കഴിഞ്ഞ അഞ്ച് വർഷമായി ഇതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ, ഇറിഗേഷൻ വകുപ്പുമന്ത്രിമാരുടെ

സാന്നിധ്യത്തിൽ രണ്ടു-മൂന്നു പ്രാവശ്യം ചർച്ച നടത്തിയതാണ്. പക്ഷേ ഇതുവരെയും നടപടികൾ സ്വീകരിച്ചില്ല. ഈ തടയണ നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവിടെ വലിയ സമരവും നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വെള്ളം സംരക്ഷിച്ചു നിർത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ചെറുതുരുത്തിയിലെ തടയണയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ?

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ട ഒരു പദ്ധതിയെക്കുറിച്ചാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹത്തിന് വളരെ നന്നായി അക്കാര്യത്തെ കുറിച്ച് അറിയാവുന്നതാണ്. ചെറുതുരുത്തിയിലെ തടയണയുമായി ബന്ധപ്പെട്ടുകൊണ്ട് river management fund വിനിയോഗിക്കാനാണ് തീരുമാനിച്ചത്. ആ തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തന്നെ അതിന്റെ തുടക്കം കുറിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. അന്ന് ഏതാണ്ട് 7 കോടി രൂപയോളം ചെലവഴിച്ചുകൊണ്ട് പണി നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. നിർഭാഗ്യവശാൽ അതിന്റെ എല്ലാ നടപടികളും പൂർത്തീകരിച്ച് പണി ഏതാണ്ട് ആരംഭിച്ച ഘട്ടത്തിൽ കോൺട്രാക്ട് വർക്ക് ഏറ്റെടുത്ത ആൾ

മരണപ്പെട്ടതിനാൽ അത് പൂർത്തീകരിച്ചില്ല. അതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ ഏതാണ്ട് 12 കോടി രൂപയിലധികമാണ് വന്നത്. വീണ്ടും റിവൈസ് ചെയ്ത എസ്റ്റിമേറ്റ് വരുമ്പോൾ തുക വീണ്ടും വർദ്ധിക്കുകയാണ്. ഭാരിച്ച തുക ഇക്കാര്യത്തിനുവേണ്ടി വിനിയോഗിക്കാനുള്ള ബുദ്ധിമുട്ടുകൾ കാരണമാണ്.... ഇത് ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്തുകൊണ്ട് നടപ്പാക്കണമെന്ന നിർദ്ദേശമാണ് കഴിഞ്ഞ ചർച്ചകളിലൊക്കെ ഉണ്ടായത്. ബഹുമാനപ്പെട്ട അംഗത്തിന്റെ ആശങ്ക വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇറിഗേഷൻ വകുപ്പുമന്ത്രിയുമായി അക്കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. വീണ്ടും അക്കാര്യത്തെകുറിച്ച് ഇറിഗേഷൻ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്യുന്നതാണ്. അതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നതെന്ന് ആലോചിക്കാം.

<u>ശ്രീ. വി. റ്റി. ബൽറാം:</u> സർ, ഇവിടെ എല്ലാപേരും സൂചിപ്പിച്ചതുപോലെ കാലാവസ്ഥ വ്യതിയാനം എല്ലാ മേഖലകളിലും അതിന്റേതായ ഇംപാക്ട് ഉണ്ടാക്കുന്നുണ്ട്. കാർഷിക മേഖലയിൽ മാത്രമല്ല ആരോഗ്യമേഖലയിലും അതിന്റേതായിട്ടുള്ള ഇംപാക്ട് ഉണ്ടാകുന്നുണ്ട്. ഇതിനെ സമഗ്രമായും ശാസ്ത്രീയമായും പഠിച്ച് ഇക്കാര്യത്തെ എങ്ങനെ അഡ്രസ്സ് ചെയ്യണമെന്നതിനെ കുറിച്ച് കോംപ്രിഹെൻസീവായിട്ടുള്ള ഒരു പോളിസി നമുക്ക് ഉണ്ടാകേണ്ടതായിട്ടുണ്ട്.

അതിന് ഗവൺമെന്റ് നേതൃത്വം നൽകുമോ? വെള്ളപ്പൊക്കവും വരൾച്ചയും അടിയന്തരമായി നേരിടുന്നതിന് വേണ്ടിയുള്ള സംവിധാനം ജില്ലാ ഭരണകൂടങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതായിട്ടുണ്ട്. പലപ്പോഴും ഇത്തരത്തിലുള്ള അടിയന്തര പ്രാധാന്യമുള്ള വർക്കുകൾ ഗവൺമെന്റ് സാങ്ഷൻ ചെയ്താൽപോലും കോൺട്രാക്ടർമാരൊന്നും ഏറ്റെടുക്കാത്ത ഒരു സാഹചര്യമുണ്ട്. കാരണം അവരുടെയൊക്കെ ബിൽ ഒന്നരവർഷത്തോളം പെൻഡിംഗ് ഉണ്ടെന്ന പേരിൽ ഈ ഫ്ലഡ് ഫണ്ട് റോഡുകൾ പലപ്പോഴും നമുക്ക് പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ല. ഇക്കാര്യത്തിലൊരു തീരുമാനം എടുക്കണം. മാർച്ച് മാസം 31-ന് മുമ്പ് ആരംഭിക്കാത്ത പ്രവൃത്തികൾ ഇനി ആരംഭിക്കേണ്ടതില്ലായെന്നുള്ള ഓർഡർ നൽകിയിട്ടുണ്ട്. പ്രത്യേകിച്ചും പഞ്ചായത്ത് ഇലക്ഷൻ വരുന്ന സാഹചര്യത്തിൽ അതിന് മുമ്പ് ഇതെല്ലാം പൂർത്തീകരിക്കാനുള്ള ഒരു സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാക്കാൻ സാധിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, 31.03.2015-നുമുമ്പ് പണി ആരംഭിക്കാത്തതും എഗ്രിമെന്റ് വയ്ക്കാത്തതുമായ വർക്കുകൾ തുടരേണ്ടതില്ലായെന്നുള്ള സർക്കുലർ കൊടുത്തിട്ടുള്ളത് ശരിയാണ്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ് അനുസരിച്ചുള്ള പണവും കൂടി വിനിയോഗിച്ചുകൊണ്ടാണ് ഇത്തരം

പ്രവൃത്തികളൊക്കെ നടത്തിക്കൊണ്ടിരുന്നത്. 2015 ഏപ്രിൽ മാസത്തിനുശേഷമാണ് പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡ് ലഭിച്ചിട്ടുള്ളത്. നേരത്തെ ഉണ്ടായിരുന്ന വർക്കുകൾ നിർത്തിവയ്ക്കണം എന്നുപറഞ്ഞാൽ, തുടങ്ങിവച്ച വർക്കുകൾ തുടങ്ങുവാനും അവ പൂർത്തീകരിക്കുവാനും എഗ്രിമെന്റ് വച്ച വർക്കുകൾ പൂർത്തീകരിക്കാനുമുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. നിർഭാഗ്യവശാൽ പല നിയോജക മണ്ഡലങ്ങളിലും നേരത്തെ കൊടുത്തിട്ടുള്ള പല വർക്കുകളും സമയബന്ധിതമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പലയിടങ്ങളിലും ചില ബുദ്ധിമുട്ടുകളുണ്ടായിട്ടുള്ളതായി എന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അതിന് പരിഹാരമെന്ന നിലയിൽ എന്ത് ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, സംസ്ഥാനത്തെ ഏറ്റവും വലിയ ജല സ്രോതസ്സായ ഭാരതപ്പുഴയിലെ ചെക്ക് ഡാമുകളെല്ലാം മാലിന്യങ്ങളും കുളവാഴകളും പായലുകളുംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഈ സ്ഥലത്തുനിന്നാണ് നിരവധി കുടിവെള്ള പദ്ധതികൾക്ക് തുടക്കം കുറിക്കുന്നത്. അതിനാൽ നദീതടം സംരക്ഷിക്കാനും മാലിന്യങ്ങളും കുളവാഴകളും മാറ്റി ജലസ്രോതസ്സ് ശുദ്ധമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ; അതോടൊപ്പം കാലവർഷം, വരൾച്ച എന്നിവമൂലം

കൃഷി നഷ്ടപ്പെടുന്ന കർഷകർക്ക് വളരെ തുച്ഛമായ നഷ്ടപരിഹാരമാണ് നൽകുന്നത്. ഈ തുച്ഛമായ നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഭാരതപ്പുഴയുടെ സംരക്ഷണത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ആദ്യം ചോദിച്ചത്. ഭാരതപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 'പുഴ മുതൽ പുഴ വരെ' എന്ന ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്. ഭാരതപ്പുഴയുടെ തീരങ്ങൾ സംരക്ഷിക്കപ്പെടുകയും കാത്ത് സൂക്ഷിക്കുകയും ചെയ്യുക മാത്രമല്ല ഇത് മലീമസമാക്കുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ആശങ്ക പ്രകടിപ്പിച്ചത്. ബോധവൽക്കരണത്തിലൂടെ മാത്രമെ അത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ കഴിയൂ. അതാത് പ്രദേശങ്ങളിൽ അതിനൊരു നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. അത്തരം കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് തീർച്ചയായും ആലോചിക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, കുറച്ചു ദിവസങ്ങളായി മഴ നന്നായി പെയ്യുന്നുണ്ടെങ്കിലും പൊതുവെ മഴയുടെ ശതമാനം കുറഞ്ഞിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. നമുക്ക് ലഭിക്കുന്ന മഴവെള്ളം ശരിയായ നിലയിൽ വിനിയോഗിക്കാൻ സാധിക്കാത്ത ഒരവസ്ഥ ഇന്ന് സംസ്ഥാനത്തുണ്ട്.

മാത്രമല്ല മുപ്പത് ശതമാനത്തോളം മഴവെള്ളവും ഭൂമിയിൽ വീണാൽ താഴോട്ട് ഇറങ്ങിപ്പോകാൻ കഴിയാത്ത സാഹചര്യമാണ് പല സ്ഥലങ്ങളിലുമുള്ളത്. ടൈലുകളൊക്കെ വിരിച്ച് വലിയ തോതിൽ വെള്ളം താഴോട്ട് ഇറങ്ങാത്ത സാഹചര്യമുണ്ടാക്കിയിരിക്കുകയാണ്. മഴവെള്ള സംഭരണി നിർമ്മിക്കുക എന്നുള്ളത് വളരെ നേരത്തെ തീരുമാനിച്ച കാര്യമാണ്. കെട്ടിടങ്ങൾ നിർമ്മിക്കുന്നതോടൊപ്പം മഴവെള്ള സംഭരണിയും നിർബന്ധമാക്കിയതാണ്. വീടുകളിലായാലും പൊതുകെട്ടിടങ്ങളുടെ കാര്യത്തിലായാലും മഴവെള്ള സംഭരണി നിർബന്ധമാക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, നമുക്ക് ലഭ്യമാകുന്ന മഴവെള്ളം സംരക്ഷിക്കപ്പെടുക എന്നുള്ളത് ഏറ്റവും അത്യന്താപേക്ഷിതമായ ഒന്നാണ്. കാലാവസ്ഥാ വ്യതിയാനംമൂലം ഈ കാലഘട്ടത്തിലുണ്ടാകാൻ സാദ്ധ്യതയുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് ഒട്ടേറെ വിലയിരുത്തലുകൾ നടത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി കൊടുക്കുന്ന അവസരത്തിൽത്തന്നെ മഴവെള്ളം ശേഖരിക്കുന്നതിനും അത് വീണ്ടും ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം നൽകണമെന്ന് വിവിധ വകുപ്പുകളോട്

നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യാപകമായി മഴവെള്ള സംഭരണി നടപ്പാക്കണമെന്നുള്ള അങ്ങയുടെ ആശങ്ക തന്നെയാണ് നമുക്കെല്ലാവർക്കുമുള്ളത്.

ശ്രീ. കെ. വി. വിജയദാസ് കാർഷിക വിളകളുടെ നഷ്ടപരിഹാരത്തിന്റെ കാര്യംകൂടി ചോദിച്ചിരുന്നു. കാർഷിക വിളകളുടെ നഷ്ടപരിഹാര തോത് ഇപ്പോൾ വളരെ കുറവാണെന്നുള്ള കാര്യമാണ് അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തിയത്. അത് ശരിയായ കാര്യമാണ്. കേന്ദ്ര ഗവൺമെന്റ് അവാർഡ് തരുന്ന അവസരത്തിൽ കാർഷിക വിളകൾക്ക് നൽകേണ്ട തുകയെക്കുറിച്ച് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള തുക ഈ ഫണ്ടിൽനിന്നും വിതരണം ചെയ്യുന്നതാണ്. കാർഷിക വിളകളുടെ നഷ്ടത്തിനനുസരിച്ച് ഓരോ വിളകൾക്കും കൊടുക്കേണ്ടതിനെക്കുറിച്ച് കൃഷി വകുപ്പുമായി അലോചിച്ച് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിൽനിന്നും ബാക്കിയുള്ള തുക നൽകും. പക്ഷേ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന തുക കേന്ദ്ര സർക്കാരിന്റെ നോംസ് അനുസരിച്ചുമാത്രമെ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ഒന്നുകിൽ അധിവൃഷ്ടി, അല്ലെങ്കിൽ അനാവൃഷ്ടി ഇതാണ് കാലാവസ്ഥയുടെ ഇന്നത്തെ സ്ഥിതി. ഇതിൽ ഏറ്റവും ഗുരുതരമായി നഷ്ടം സഹിക്കേണ്ടിവരുന്നത് കൃഷിക്കാരാണ്. മെയ് മാസത്തിൽ വേനൽമഴ വന്നപ്പോൾ

പാലക്കാട് ജില്ലയിൽ ഒന്നാം വിള കൃഷിയിറക്കാനിരുന്ന കൃഷിക്കാർക്ക് അധിവൃഷ്ടി കാരണം ആ കൃഷി ഇറക്കാൻ കഴിഞ്ഞില്ല. പിന്നീട് കാലവർഷം വന്നപ്പോൾ മഴ ഇല്ലാതിരുന്നതുകൊണ്ടും ഒന്നാം വിള കൃഷി ഇറക്കാൻ കഴിഞ്ഞില്ല. ഒരു വാഴയ്ക്ക് അഞ്ച് രൂപയാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്. ഒരു വാഴ കന്നിന് 25 രൂപ വിലയുണ്ട്. ഈ രൂപത്തിൽ നഷ്ടപരിഹാരം കൊടുത്തിട്ട് എന്താണ് കാര്യം. കൃഷിക്കാരുടേതല്ലാത്ത കാരണത്താൽ കൃഷി നാശം സംഭവിക്കുന്ന കൃഷിക്കാർക്ക് മതിയായ നഷ്ടപരിഹാരം കൊടുക്കാനുള്ള തീരുമാനം സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, കേന്ദ്ര നോംസ് അനുസരിച്ചുമാത്രമെ നഷ്ടപരിഹാരം കൊടുക്കാൻ കഴിയുകയുള്ളൂ. പക്ഷേ സംസ്ഥാന ഗവൺമെന്റ് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. വിളകൾക്ക് നാശനഷ്ടമുണ്ടാകുമ്പോൾ ഓരോ വിളകളെയും പ്രത്യേകമെടുത്ത് ഇന്ന് കൊടുക്കുന്ന തുക വർദ്ധിപ്പിച്ചുകൊടുക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്, അത് കൃഷി വകുപ്പ് നടപ്പാക്കുകയാണ്. ആ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽനിന്നും കൊടുക്കുന്ന തുക കൂടാതെ ബാക്കിയുള്ള തുകകൾ കൃഷി വകുപ്പിൽനിന്നും വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് ഞാൻ

മനസ്സിലാക്കിയിട്ടുള്ളത്.

ശ്രീ. സി. പി. മുഹമ്മദ്: സർ, സഹസ്രാബ്ദങ്ങളുടെ നിരീക്ഷണങ്ങളുടെയും പരീക്ഷണങ്ങളുടെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ നമുക്കൊരു കാർഷിക കലണ്ടറും കാലാവസ്ഥാ കലണ്ടറും ഉണ്ടായിരുന്നു. 'തിരുവാതിര ഞാറ്റുവേലയിൽ തിരുമുറിയാതെ മഴ പെയ്യുമെന്നും', 'കർക്കിടക മാസത്തിലെ കറുത്ത വാവിന് ഇക്കരെ നിൽക്കുന്ന കാക്ക അക്കരെ പറക്കില്ല' എന്നുമൊക്കെ വളരെ കൃത്യമായി നമ്മുടെ രാജ്യത്ത് പാലിച്ചുവന്നിരുന്നു. ഇപ്പോൾ അറബിക്കടലിൽനിന്ന് തീ കാറ്റുവരെ വന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ആസുരമായ പ്രവൃത്തികൾ കാലാവസ്ഥയുടെ താളം മുഴുവൻ തെറ്റിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ആഗോള താപനവുംകൂടി കണക്കിലെടുത്ത് ഇതിനെ നേരിടാനും ഇതിനെക്കുറിച്ച് ഗവേഷണം നടത്തുവാനുമുള്ള എന്തെല്ലാം സംവിധാനങ്ങളാണ് ഗവൺമെന്റ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ ആശങ്ക പോലെ കേരളത്തിലെ ജനങ്ങളെല്ലാം ശ്രദ്ധിക്കപ്പെടേണ്ട കാര്യമായിട്ടാണ് ഞാൻ കരുതുന്നത്. ഇതിന് ചില ചർച്ചകൾ ആവശ്യമാണ്. ആ ചർച്ചകളുടെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ

നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും അതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെയും ഭാഗമായി പരിസ്ഥിതി വകുപ്പിനുകീഴിൽ കാലാവസ്ഥാ വ്യതിയാനം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. ആ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനംമൂലം ചർച്ചകളിലൂടെയും ഗവേഷണങ്ങളിലൂടെയും ശാസ്ത്രീയമായി ലഭിക്കുന്ന കാര്യങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. തീർച്ചയായും അത്തരം നടപടികളുണ്ടാകുമെന്ന് ഞാൻ അറിയിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)